| | | |
|---|---|---|
| | | ജി.ഒ (പി)304/2014/ധന തീയതി, 21/07/2014-ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ ചെയ്യുന്ന പ്രവൃത്തികൾക്കുള്ള ബില്ലിനും സീനിയോറിറ്റി പ്രകാരം പേയ്മെന്റ് നൽകുന്നതിന് ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരുമായി 19/11/2014-ൽ യോഗം ചേരുകയും യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ/ വ്യവസ്ഥകൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി യോഗത്തിന്റെ മിനിറ്റ്സ് ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ബി) | മേൽപറഞ്ഞ ഫയലിൽ നടപടി സ്വീകരിക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥൻ കാലതാമസം വരുത്തിയെങ്കിൽ, പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരു വിവരം വെളിപ്പെടുത്തുമോ; കാലതാമസത്തിന്റെയും അതിന്റെ കാരണത്താൽ നിർമ്മാണം മുടങ്ങുകയും അഥവാ നടന്നാൽ തന്നെ കൂടുതൽ സാമ്പത്തിക ചെലവ് സർക്കാരിന് ഉണ്ടാവുകയും ചെയ്താൽ ഈ ഉദ്യോഗസ്ഥനെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ ? | ടി മറുപടിയുടെ വെളിച്ചത്തിൽ ചീഫ് എഞ്ചിനീയറുടെ കത്തിന്മേൽ നടപടി സ്വീകരിക്കുന്നതിൽ ഒരു ഉദ്യോഗസ്ഥനും വ്യക്തിപരമായ വീഴ്ച വരുത്തിയിട്ടില്ല. ആസ്തി വികസന ഫണ്ടിനു കീഴിൽ എം.എൽ.എമാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ധന വകുപ്പിന്റെ 28/12/2012 ലെ 73/2012/ധന സർക്കുലർ അനുശാസിക്കുംവിധം സമയബന്ധിതമായി പൂർത്തിയാക്കി ധനകാര്യാനുമതി നൽകുന്നതിന് പ്രത്യേകം ശ്രദ്ധ നൽകാറുണ്ട്. ഇക്കാര്യത്തിൽ തുടർന്നും കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**